പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 760 — 12/06/2013-ൽ മറുപടിയ്ക്ക്

## ക്ഷേത്ര പുനരുദ്ധാരണത്തിന് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | ക്ഷേത്ര പുനരുദ്ധാരണത്തിനായി സർക്കാർ നല്കിവരുന്ന ധനസഹായം ഇതുവരെ എത്ര ക്ഷേത്രങ്ങൾക്ക് നല്കിയിട്ടുണ്ട്; | എ) | മലബാർ ദേവസ്വം ബോർഡ് വന്നതിനുശേഷം 2369 ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| ബി) | വർഷംതോറും ധനസഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ഒരിക്കൽ അർഹത നേടുന്ന ക്ഷേത്രങ്ങൾക്ക് ആയത് തുടർന്നും നല്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ഉണ്ട്. ഒരിക്കൽ ഗ്രാൻറിന് അർഹത നേടുന്ന ക്ഷേത്രങ്ങൾക്ക് തുടർന്നും ഗ്രാൻറ് അനുവദിക്കാറുണ്ട്. |
| സി) | പുനരുദ്ധാരണ സഹായം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ടും അതിൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | കാലതാമസം ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; എത്ര അപേക്ഷകൾ നിലവിൽ തീർപ്പാക്കുവാനുണ്ട്; വിശദമാക്കുമോ ? | ഡി) | സ്വീകരിക്കുന്നതാണ്. 2011-2012 സാമ്പത്തിക വർഷം 2118 ക്ഷേത്രങ്ങളും 2012-13 സാമ്പത്തിക വർഷം 1731 ക്ഷേത്രങ്ങളും ധനസഹായത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ 13/5/2013 -ന് നിലവിൽ വന്ന പുതിയ ബോർഡ് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ